"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസം - മലപ്പുറം, പാറക്കടവ് മൂന്നിയൂർ ഹയർസെക്കന്ററി സ്കൂളിൽ അറബിക്കിന് അധിക തസ്തിക അനുവദിക്കണമെന്നാവശ്യപ്പെട്ട് മാനേജർ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്**

സ.ഉ.(സാധാ) നം.914/2026/GEDN തീയതി,തിരുവനന്തപുരം, 31-01-2026

---

പരാമർശം:-

1. മലപ്പുറം, പാറക്കടവ് മൂന്നിയൂർ ഹയർസെക്കന്ററി സ്കൂൾ മാനേജർ സമർപ്പിച്ച 21/10/2025-ലെ റിവിഷൻ ഹർജി.
2. പൊതുവിദ്യാഭ്യാസ (ഹയർ സെക്കണ്ടറി വിഭാഗം) ഡയറക്ടറുടെ 09/12/2025-ലെ HSE/27967/2025-Acd C2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

മലപ്പുറം ജില്ലയിലെ, മൂന്നിയൂർ ഹയർസെക്കന്ററി സ്കൂളിൽ 2023- 2024 ലെ സ്റ്റാഫ് ഫിക്സേഷൻ ഉത്തരവിൽ ഭേദഗതി വരുത്തി ഒരു ജൂനിയർ തസ്തിക കൂടി അറബിക്കിന് അനുവദിച്ചു നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് സ്കൂൾ മാനേജർ പരാമർശം (1) പ്രകാരം റിവിഷൻ ഹർജി സർക്കാരിലേക്ക് ലഭ്യമാക്കിയിരുന്നു.

2. സർക്കാർ പ്രസ്തുത വിഷയം പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ടിന്റെയും, നിലവിലുള്ള ഉത്തരവുകൾ, ചട്ടങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. 2024-2025, 2025-26 എന്നീ അധ്യയന വർഷങ്ങളിൽ അറബിക് വിഷയത്തിന് 36 പിരീഡുകൾ ഉണ്ടെങ്കിലും പുതിയ ജൂനിയർ തസ്തിക സൃഷ്ടിക്കുന്നതിന് തുടർച്ചയായ മൂന്ന് അധ്യയന വർഷങ്ങളിൽ വിദ്യാർത്ഥികളുടെ വർദ്ധനവ് ആവശ്യമായതിനാലും മലപ്പുറം ജില്ലയിലെ, മൂന്നിയൂർ ഹയർസെക്കന്ററി സ്കൂളിലെ സ്റ്റാഫ് ഫിക്സേഷൻ പ്രകാരം നിലവിലുള്ള എച്ച്.എസ്.എസ്.ടി അറബിക് തസ്തിക നിലനിൽക്കുന്നതിന് ആവശ്യമായ വിദ്യാർത്ഥികൾ മാത്രമേ (മാർജിനൽ വർദ്ധനവ് ഒഴികെ) ടി സ്കൂളിൽ ഉള്ളതായി കാണുന്നുള്ളൂ.

3. മേൽ സാഹചര്യത്തിൽ, മലപ്പുറം ജില്ലയിലെ, മൂന്നിയൂർ ഹയർസെക്കന്ററി സ്കൂളിലെ 2023-24 ലെ സ്റ്റാഫ് ഫിക്സേഷൻ ഉത്തരവിൽ ഭേദഗതി വരുത്തി ഒരു ജൂനിയർ തസ്തിക കൂടി അറബിക്കിന് അനുവദിച്ചു തരണമെന്ന ആവശ്യം പരിഗണനാർഹമല്ലാത്തതിനാൽ, പരാമർശം (1) റിവിഷൻ ഹർജിയിലെ ആവശ്യം നിരസിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

K J SALINI

അഡിഷണൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
മാനേജർ, മൂന്നിയൂർ ഹയർസെക്കന്ററി സ്കൂൾ, മൂന്നിയൂർ പി.ഒ, പാറക്കടവ്, മലപ്പുറം.
പ്രിൻസിപ്പാൾ, മൂന്നിയൂർ ഹയർസെക്കന്ററി സ്കൂൾ, മൂന്നിയൂർ പി.ഒ, പാറക്കടവ്, മലപ്പുറം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Pradeep Kumar. C. O
സെക്ഷൻ ഓഫീസർ
Date: 31-01-2026 11:03:13